പെരുവണ്ണാമൂഴി സി.ആർ.പി.എഫ്. ക്യാമ്പ്

56 (1760) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുവണ്ണാമൂഴി സി.ആർ.പി.എഫ് ക്യാമ്പ് അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് അനുവദിച്ചതെന്ന് പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സഹിതം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ക്യാമ്പിനാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ ; എങ്കിൽ ഏത് വകുപ്പിൽ നിന്നാണ് ഭൂമി ഏറ്റെടുത്തത് എന്നും ഭൂമിയുടെ അളവും വ്യക്തമാക്കുമോ ;

(സി) സി.ആർ.പി.എഫ്. ക്യാമ്പിന്റെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 9-4-2013-ലെ സ.ഉ.(എം.എസ്.) നമ്പർ 134/2013/റവന്യൂ പ്രകാരം പെരുവണ്ണാമൂഴി സി.ആർ.പി.എഫ്. ക്യാമ്പ് ആരംഭിക്കുന്നതിനുവേണ്ടി 40 ഏക്കർ ഭൂമി പാട്ട വ്യവസ്ഥയിൽ 30 വർഷത്തേക്ക് സി.ആർ.പി.എഫ്. അധികൃതർക്ക് കൈമാറി കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഇതോടൊപ്പം ചേർത്തിരിക്കുന്നു.*

(ബി) പ്രസ്തുത ക്യാമ്പിനാവശ്യമായ ഭൂമി 10-7-2013 -ൽ ഏറ്റെടുത്തിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിലുണ്ടായിരുന്ന 40 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത്.

(സി) സി.ആർ.പി.എഫ്. ക്യാമ്പ് സൈറ്റിന്റെ നിർമ്മാണ ജോലിക്കായിട്ടുള്ള ലേഔട്ട് പ്ലാൻ തയ്യാറാക്കി വരികയാണെന്ന് പള്ളിപ്പുറം സി.ആർ.പി.എഫ്., ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സി.ആർ.പി.എഫ്. അധികൃതരാണ് സ്വീകരിക്കേണ്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly